Draft #9 of File ADAII(2)/5300/2011 Approved by ASSISTANT REGISTRAR II (ADMIN) on 17-Sep-2021 11:47 AM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

ഡോ. രാജു ഫ്രാൻസിസ്, പ്രൊഫസർ, സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് - സ്ഥാനക്കയറ്റ തീയതി പുനഃക്രമീകരിച്ച് നൽകുന്നത് സംബന്ധിച്ച് - 02.09.2021 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 2 സെക്ഷൻ**

നമ്പർ. 4692/AD A 2/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 17.09.2021

---

*പരാമർശം:*-1. 11.02.2019 തീയതിയിലെ സർവ്വകലാശാല ഉത്തരവ് നം. 493/REG SECT/2019/എം .ജി .യു

2.11 .02 .2019 തീയതിയിൽ ഡോ. രാജു ഫ്രാൻസിസ്, പ്രൊഫസർ, സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് സമർപ്പിച്ച അപേക്ഷ.

3.24.07.2020 തീയതിയിലെ സർവ്വകലാശാല ഉത്തരവ് നമ്പർ 3376/ AdAII/ 2020/MGU

4. 2021 സെപ്റ്റംബർ 2ന് കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ തീരുമാനം (മിനിറ്റ്സ് ഇനം നമ്പർ 40/ 21 .03 / 200258 )

**<u>ഉത്തരവ്</u>**

സ്കൂൾ ഓഫ് കെമിക്കൽ സയൻസസിലെ അധ്യാപകനായ ഡോ. രാജു ഫ്രാൻസിസിനു പരാമർശം (1) പ്രകാരം 01.02.2014 പൂർവാഹ്നം മുതൽ പ്രൊഫസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയിരുന്നു. കാലിക്കറ്റ് സർവകലാശാലയുടെ കീഴിലുള്ള ദേവഗിരി സെന്റ് ജോസഫ് കോളേജിലെ ടിയാന്റെ മുൻകാല സർവീസ് പരിഗണിച്ച്, പ്രൊഫസർ തസ്തികയിലേക്ക് നിലവിൽ സ്ഥാനക്കയറ്റം നൽകിയിരുന്നു. 01.02.2014 പൂർവാഹ്നം തീയതി റദ്ദ് ചെയ്തു കൊണ്ട് പ്രൊഫസർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റ തീയതി പുനഃക്രമീകരിച്ച് നൽകുന്നതിനായി ടിയാൻ പരാമർശം (2 ) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

ഡോ.രാജു ഫ്രാൻസിസിന് കാലിക്കറ്റ് സർവകലാശാലയുടെ കീഴിലുള്ള സെന്റ് ജോസഫ് കോളേജ്, ദേവഗിരിയിൽ സേവനമനുഷ്ഠിക്കവേ 28.02.2010 പൂർവാഹ്നം മുതൽ അസ്സോസിയേറ്റ് പ്രൊഫസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ചിരുന്നു. പ്രൊഫസർ തസ്തികയിലേക്ക് ഉള്ള സ്ഥാനക്കയറ്റ തീയതി പുനഃക്രമീകരിച്ച് നൽകുന്നത് സംബന്ധിച്ച വിഷയത്തിൽ സിൻഡിക്കേറ്റ് അംഗമായിരുന്ന ഡോ. കെ കൃഷ്ണദാസ് 22.07.2019 -ൽ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിലും, ടി വിഷയത്തിലുള്ള IQAC യുടെ റിപ്പോർട്ടിലും ഡോ. രാജു ഫ്രാൻസിസിന്റെ 10.10.1994 മുതൽ 31.01.2011 വരെയുള്ള കോഴിക്കോട് സെന്റ് ജോസഫ് കോളേജ്, ദേവഗിരിയിലെ മുൻകാല സേവനം പരിഗണിച്ച് 01.02.2014 പൂർവാഹ്നം മുതൽ പ്രൊഫസർ തസ്തികയിലേക്ക് നൽകിയ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

സ്ഥാനക്കയറ്റം, 28.02.2013 പൂർവാഹ്നം ആയി പുനഃക്രമീകരിച്ച് നൽകുന്നതിന് ശുപാർശ ചെയ്യുകയുണ്ടായി.

സർവ്വകലാശാല അധ്യാപകരുടെയും, അക്കാദമിക സ്റ്റാഫിന്റെയും സ്ഥാനക്കയറ്റവുമായി ബന്ധപ്പെട്ട് സ്ക്രീനിങ്/ സെലക്ഷൻ കമ്മിറ്റി കൂടി നടപടികൾ പൂർത്തിയാക്കി ഉദ്യോഗക്കയറ്റം നൽകിയതിന് ശേഷം, മുൻകാല സർവ്വീസ് /യു.ജി.സി റെഗുലേഷൻസ് പ്രകാരമുള്ള മുൻകാല പ്രാബല്യം അല്ലെങ്കിൽ സമാനമായ മറ്റു കാരണങ്ങളാൽ പിന്നീട് സ്ഥാനക്കയറ്റ പരിഷ്കരണവുമായി ബന്ധപ്പെട്ട് ഫയലുകൾ സമർപ്പിക്കേണ്ട സാഹചര്യമുണ്ടായാൽ ആയതു നിയമാനുസരണം പരിശോധിച്ച് IQAC യുടെ റിപ്പോർട്ട് സഹിതം സിൻഡിക്കേറ്റിലെയ്ക്ക് സമർപ്പിക്കാവുന്നതാണെന്നും, സ്ഥാനക്കയറ്റ തീയതി പരിഷ്കരണത്തിനായി സ്ക്രീനിംഗ്/സെലക്ഷൻ കമ്മിറ്റി പ്രത്യേകമായി കൂടേണ്ടതില്ലെന്നും, പ്രസ്തുത വ്യവസ്ഥക്ക് 01.07.2020 മുതൽ പ്രാബല്യം ഉണ്ടായിരിക്കുമെന്നും പരാമർശം (3) പ്രകാരം വൈസ് ചാൻസലർ ഉത്തരവായിരുന്നു.

ഇതിനെ തുടർന്ന്, ഡോ.രാജു ഫ്രാൻസിസിന്, പ്രൊഫസർ തസ്തികയിലേക്ക് നൽകിയ സ്ഥാനക്കയറ്റ തീയതി പുനഃക്രമീകരിക്കുന്നത് സംബന്ധിച്ച വിഷയം സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കും തീരുമാനത്തിനായി സമർപ്പിക്കുകയുണ്ടായി. ആയതിൽ 02.09.2021 ൽ കൂടിയ സിൻഡിക്കേറ്റ് യോഗം പരാമർശം (4) പ്രകാരം എടുത്ത തീരുമാനം താഴെ ചേർക്കുന്നു:

*"സ്കൂൾ ഓഫ് കെമിക്കൽ സയൻസിലെ പ്രൊഫസറായ ഡോ. രാജു ഫ്രാൻസിസിന് പ്രൊഫസർ തസ്തികയിലേയ്ക്ക് നൽകിയ സ്ഥാനക്കയറ്റ തീയതി പുനഃക്രമീകരിക്കുന്നതിന് ടിയാന് പുനഃക്രമീകരിക്കുന്ന തീയതിയിൽ യോഗ്യനാണോ എന്ന് സെലക്ഷൻ കമ്മിറ്റി വിലയിരുത്തി ഫയൽ പുനഃസമർപ്പിക്കുന്നതിന് നിർദ്ദേശം നൽകാൻ തീരുമാനിച്ചു."*

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബിജു എം എസ്

അസിസ്റ്റന്റ് രജിസ്ട്രാർ 2 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ഡോ രാജു ഫ്രാൻസിസ്, പ്രൊഫസർ, സ്കൂൾ ഓഫ് കെമിക്കൽ സയൻസസ്.
2. വകുപ്പുമേധാവിയുടെ ഓഫീസ്, സ്കൂൾ ഓഫ് കെമിക്കൽ സയൻസസ്.
3. വി.സി / പി.വി.സി .എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ.
4. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പേഴ്സണൽ അസിസ്റ്റന്റ്മാർ.
5. ജെ.ഡി, കെ.എസ് .എ.ഡി / എഫ് .സി .സി /എ.ഡി.ഡി/ഐ .ക്യൂ .എ.സി
6. ഓഡിറ്റ് സെക്ഷൻ/സി.എം. എസ്
7. ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സർവീസ് ഫയൽ .
8. സ്റ്റോക്ക് ഫയൽ/ ഫയൽ പകർപ്പ് .

Draft #9 of File ADAII(2)/5300/2011 Approved by ASSISTANT REGISTRAR II (ADMIN) on 17-Sep-2021 11:47 AM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #9 of File ADAII(2)/5300/2011 Approved by ASSISTANT REGISTRAR II (ADMIN) on 17-Sep-2021 11:47 AM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം